പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*166 03.05.2017 ൽ മറുപടിക്ക്

## പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്താനുള്ള നടപടികൾ

| ചോദ്യം<br><br>ശ്രീ.ബി.സത്യൻ<br>,, വി. കെ. സി. മമ്മത് കോയ<br>,, കെ.കുഞ്ഞിരാമൻ<br>,, മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് പൊതുജനാരോഗ്യമേഖലയിൽ വിശേഷിച്ച് പ്രാഥമിക-ദ്വിതീയതലങ്ങളിൽ ഇടപെടൽ അപര്യാപ്തമായിരുന്നെന്ന ആക്ഷേപം പരിശോധിച്ചിരുന്നോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | പൊതുജനാരോഗ്യമേഖല ദുർബലമായതിന്റെ ഫലമായി താഴ്ന്നവരുമാനക്കാർ ഉൾപ്പെടെയുള്ളവർ അധികമായി സ്വകാര്യമേഖലയെ ആശ്രയിക്കാനിടയാകുകയും സർക്കാർ ആശുപത്രികളെ സമീപിക്കുന്നത് രോഗികളിൽ മൂന്നിലൊന്ന് മാത്രമായി തീരുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ പൊതുജനാരോഗ്യമേഖല ശക്തിപ്പെടുത്താനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി)<br>&<br>(സി) | പൊതുജനാരോഗ്യരംഗത്ത് നേരിടേണ്ടിവരുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനു വേണ്ടി നവകേരള മിഷന്റെ ഭാഗമായ ആർദ്രം മിഷനിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:<br><br>➢ ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.<br><br>➢ ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.<br><br>➢ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.<br><br>➢ രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.<br><br>➢ 8 മെഡിക്കൽ കോളേജുകളിലെ ഒ.പി.സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient |
| (സി) | ആയുർ ദൈർഘ്യം കൊണ്ടും ജീവിതശൈലി കൊണ്ടും രോഗാതുരത അധികമായിരിക്കുന്ന സാഹചര്യത്തിൽ സ്വകാര്യ മേഖലയിലെ അമിത ചികിത്സാ നിരക്കുകൊണ്ട് രോഗികൾ കടക്കെണിയിലാകുന്നത് പരിഹരിക്കാനായി സർക്കാർ ആശുപത്രികളുടെ ചികിത്സാ നിലവാരം വർദ്ധിപ്പിക്കാനും സുഗമമായി ചികിത്സ ലഭിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിരിക്കുന്ന പരിപാടിയുടെ വിശദാംശം അറിയിക്കുമോ? | | |

Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക. ഇതിനായി 51.8184/- കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം, 12.92 കോടി രൂപ അനുവദിക്കുകയും, ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

- KIIFB യിൽ ഉൾപ്പെടുത്തി 2016-17 ൽ രണ്ട് കാത്ത് ലാബുകളും 44 ഡയാലിസിസ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിനു കീഴിലുള്ള വിവിധ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിലുള്ള 2000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി വരുന്നു. 2016-17 ലെ സംസ്ഥാന പദ്ധതി വിഹിതം വഴിയുള്ള 23 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങളും 2017-18-ൽ green book-ൽ ഉൾപ്പെടുത്തിയിട്ടുള്ള 45 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കലും കെ.എം.എസ്.സി.എൽ വഴി നടന്നു വരുന്നു. 2017-18-ലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 50 കോടി രൂപയുടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ആശുപത്രികളിൽ നടത്തുന്നതാണ്. ഇതിനുപുറമേ ഈ വർഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി വിവിധ ആശുപത്രികൾക്കും

| | | | |
|---|---|---|---|
| | | | ആരോഗ്യ സ്ഥാപനങ്ങൾക്കുമായി 6762.50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമേ വിവിധ പ്ലാൻ പദ്ധതികളുടെ ഭാഗമായി ആശുപത്രികളുടെയും മറ്റു വിവിധവിഭാഗം ആരോഗ്യസ്ഥാപനങ്ങളുടെയും വികസന പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചിട്ടുണ്ട്.<br>➢ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിനു കീഴിലെ വിവിധ വിഭാഗം ആരോഗ്യസ്ഥാപനങ്ങളിലായി 1965 തസ്തികകൾ ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്.<br>➢ പ്രാഥമികാരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെടുംതൂണായി കരുതുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും അതുമായി ബന്ധപ്പെട്ട രോഗപ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കേരളത്തിലെ മാറിയ രോഗാതുരതയും ജീവിതശൈലീരോഗങ്ങളുടെ വർദ്ധനവും കണക്കിലെടുത്ത് ഈ രോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും ചികിത്സക്കുമുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തി വരുന്നുണ്ട്.<br>➢ രോഗ ചികിത്സയുടെയും ആശുപത്രി സംബന്ധമായ വിവരങ്ങളും ഫീൽഡ്-തല പൊതുജനാരോഗ്യ പ്രവർത്തനവിവരങ്ങളും കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള ഇ-ഹെൽത്ത് പരിപാടിക്കും സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ➢ കേരളത്തിൽ ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രാഥമികാരോഗ്യമേഖലയെ ഈ രോഗങ്ങൾ കൈകാര്യം ചെയ്യുന്നതിന് സജ്ജമാക്കുന്ന രീതിയിലുള്ള പ്രവർത്തനപരിപാടികൾക്ക് ആരോഗ്യ വകുപ്പ് ഊന്നൽ നൽകി വരുന്നു. ജില്ലാ/താലൂക്ക് തല ആശുപത്രികൾ /സൂപ്പർസ്പെഷ്യാലിറ്റി/ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിക്കുന്നതുവഴി ജീവിതശൈലീരോഗങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ